## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2417 05/02/2018-ൽ മറുപടിക്ക്

### നെല്ലിക്കുന്ന്, ചെർക്കള എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം

| | ചോദ്യം<br>**ശ്രീ. എൻ എ.നെല്ലിക്കുന്ന്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർകോഡ് ജില്ലയിലെ നെല്ലിക്കുന്ന്, ചെർക്കള എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ കീഴിൽ എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കീഴിൽ 25,543 ഉപഭോക്താക്കളും ചെർക്കള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കീഴിൽ 26,108 ഉപഭോക്താക്കളും നിലവിലുണ്ട്. |
| (ബി) | സെക്ഷൻ ഓഫീസ് വിഭജിക്കാൻ വേണ്ട ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20,000ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ നെല്ലിക്കുന്ന്, ചെർക്കള ഓഫീസുകളുടെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നെല്ലിക്കുന്ന്,ചെർക്കള ഓഫീസുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |

(..2)

| | | | |
|---|---|---|---|
| (ഡി) | നെല്ലിക്കുന്ന്,ചെർക്കള ഓഫീസുകളിലെ തസ്തികകളും ഇപ്പോഴുള്ള ഒഴിവുകളും വ്യക്തമാക്കാമോ; | (ഡി) | നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓവർസീയർ, ലൈൻമാൻ, മീറ്റർറീഡർ, സീനിയർ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, ഇലക്ട്രിസിറ്റി വർക്കർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഉണ്ട്.<br><br>ഇതിൽ മീറ്റർറീഡർ -4, പാർട്ട് ടൈം സ്വീപ്പർ-1 എന്നിങ്ങനെ ഇപ്പോൾ ഒഴിവുകൾ ഉണ്ട്.<br>ചെർക്കള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓവർസീയർ ,ലൈൻമാൻ, മീറ്റർറീഡർ, സീനിയർ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, ഇലക്ട്രിസിറ്റി വർക്കർ,പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഉണ്ട്. ഇതിൽ മീറ്റർറീഡർ -4, സീനിയർ അസിസ്റ്റന്റ്-1, കാഷ്യർ-1 എന്നിങ്ങനെ ഇപ്പോൾ ഒഴിവുകൾ ഉണ്ട്. |
| (ഇ) | ഈ രണ്ട് ഓഫീസുകളിലും വേണ്ടത്ര വാഹനങ്ങളും വൈദ്യുതി ഉപകരണങ്ങളും സാധനസാമഗ്രികളും ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ രണ്ട് ഓഫീസുകളിലും വാഹനങ്ങളും വൈദ്യുതി ഉപകരണങ്ങളും ആവശ്യത്തിന് ലഭ്യമാണ്. ചില സാധന സാമഗ്രികളുടെ കുറവുണ്ടായിരുന്നെങ്കിലും അവ ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ